Talented Bankers Literary Panel
പുസ്തക പരിചയം 253

പരിചയപ്പെടുത്തുന്നത്,
മിഥുൻദാസ് കെ എച്ച്
കനറാ ബാങ്ക്
വെസ്റ്റ് പാലസ് റോഡ്, തൃശൂർ

കീഴാളൻ
പെരുമാൾ മുരുകൻ

നോവലിന്റെ പേരിനേക്കാൾ വലിപ്പത്തിൽ നോവലിസ്റ്റിന്റെ പേരെഴുതണമെങ്കിൽ , അതാ നോവലിസ്റ്റിന്റെ ജനകീയ മൂല്യം അളന്നായിരിക്കും.
പെരുമാൾ മുരുകൻ എന്ന ബ്രാൻഡ്,
അതു തന്നെയാണ് ഈ നോവലിന്റെ ഏറ്റവും വലിയ പരസ്യം .

കൂലമാതാരി എന്ന നോവലിന്റെ മലയാള വിവർത്തനം കീഴാളൻ എന്ന പേരിലാണ് ഡിസി ബുക്സ് ഇറക്കിയിരിക്കുന്നത്. നോവലിന്റെ തലക്കെട്ട് വായിക്കുമ്പോൾ തന്നെ നോവലിന്റെ ഉള്ളടക്കം എന്താണെന്ന് വായനക്കാരന്റെ മനസ്സിന്റെ റീലുകളിൽ തെളിയുന്നുണ്ട്.
പശ്ചാത്തലം വിത്യാസമുണ്ടെന്ന് മാത്രം.

കൂലയ്യൻ , വാവുറി, മോണ്ടി , നെടുമ്പൻ , സെൽവൻ, ശെവിടി തുടങ്ങിയ കഥാപാത്രങ്ങളിലൂടെയാണ് കഥ വികസിക്കുന്നത്. കുട്ടികളുടെ കാഴ്ചപ്പാടുകളിലൂടെയാണ് കഥാഗതികൾ മുമ്പോട്ട് പോകുന്നത്. ഗൗണ്ടർമാരുടെ കീഴിൽ, അവരുടെ കൃഷിയിടങ്ങളിലും കാലികളെ തീറ്റിപ്പോറ്റിയും കഴിയുന്ന ചക്കിലിയൻമാരുടെ ദൈന്യ ജീവിതം നോവലിൽ നിറഞ്ഞു നിൽക്കുന്നു.
പാടത്ത് കറങ്ങിയും ആടുമാടുകളെ മേച്ചും മരം കയറിയും മീൻ പിടിച്ചും ആർമാദിക്കുന്ന ബാല്യം മനസിന് കുളിർമ നൽകുന്നുണ്ടെങ്കിലും അത് പഠനം നിഷേധിക്കപ്പെടുന്ന ബാല്യത്തെക്കുറിച്ചുള്ള പരോക്ഷമായ വാങ്മയചിത്രമാണെന്നറിയുമ്പോൾ മനസ് പൊള്ളുമെന്നുറപ്പ്.

മനുഷ്യൻ ശാസ്ത്രത്തെ കൂട്ട് പിടിച്ച് എത്ര തന്നെ വളർന്നാലും മാറാത്ത ചിലതുണ്ട്. ജാതി വ്യവസ്ഥയും, തൊട്ടുകൂടായ്മയും പ്രത്യക്ഷമായും പരോക്ഷമായും നിലനിൽക്കുന്ന സമൂഹത്തിലാണ് ജീവിക്കുന്നത്. ഗൗണ്ടർമാരുടെ കീഴിൽ ജോലി ചെയ്യുന്ന ചക്കിലിയൻമാരുടെ മക്കൾ തങ്ങളുടെ പിതാമഹാൻമാരുടെ പാത പിന്തുടരുകയാണ് ചെയ്യുന്നത്.

കുഗ്രാമത്തിലെ അവസ്ഥ വെച്ച് ഒരു നേരത്തെ ഭക്ഷണം തന്നെ സ്വർഗ്ഗം കിട്ടിയതുപോലുള്ളൊരു സമൂഹത്തിന് വിദ്യാഭ്യാസത്തെക്കുറിച്ച് ചിന്തിക്കാനാകില്ലെന്നത്

അതിശയോക്തിയില്ലാത്തൊരു കാര്യമാണ്. ഒരു നിമിഷം തകഴിയുടെ തോട്ടിയുടെ മകനെ ഓർമ്മ വന്നു.
ചൊവ്വയിലേക്ക് ആളെ കയറ്റി അയച്ച് വിപ്ലവം സൃഷ്ടിക്കുന്ന ഈ കാലത്തും കൂലയ്യനെ പോലുള്ളവർ സമൂഹത്തിന്റെ അന്തർ ധാരകളിൽ ജീവിച്ചു മരിക്കുന്നവെന്ന യഥാർത്ഥ്യം സെറിബ്രൽ കോർട്ടക്സുകളിൽ
നടുക്കമുണ്ടാക്കുന്നു.

വംശീയത എന്ന വിഷയത്തിൻമേൽ പ്രതികരിക്കാവുന്നയിടങ്ങളെല്ലാം ശ്രദ്ധേയമായ രീതിയിൽ ഉപയോഗിക്കുന്നുണ്ടെന്നതാണ് കലാകാരൻമാരുടെ മേന്മ. പ്രത്യേകിച്ച് ദക്ഷിണേന്ത്യയിൽ, തമിഴ് സാഹിത്യവും , സിനിമയും നല്ല രീതിയിൽ ഇതുപയോഗപ്പെടുത്തുന്നുണ്ട്.
മാരി ശെൽവരാജിനെയും
പാരഞ്ജിത്തിനേയും പോലുള്ളവർ തങ്ങളുടെ സിനിമകളിലൂടെ ഇത് പ്രകടമാക്കുന്നുണ്ട്. തമിഴ്സാഹിത്യവും ഒട്ടും മോശമല്ല സി എസ് ചെല്ലപ്പനും , പൂമണിയും തുറന്ന പാതയിലൂടെ പെരുമാൾ മുരുകനും അശാന്തിയുടെ അസ്വസ്ഥതയുളവാക്കുന്ന യഥാർഥ്യങ്ങൾ വെളിപ്പെടുത്തുകയാണ്.

ഡി സി ബുക്സ്
വിവർത്തനം : കബനി സി
287 താളുകൾ
വില : Rs. 280/-